**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 981** **10-08-2023 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ ബഫർ സോൺ മേഖല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ ഏതൊക്കെ പ്രദേശങ്ങളാണ് ബഫർ സോൺ മേഖലയായി നിർണ്ണയിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | സൈലന്റ് വാലി നാഷണൽ പാർക്കിലെ മലപ്പുറം ജില്ലയിലെ ബഫർസോൺ/പ്രൊപ്പോസൽ ചെയ്ത ഇക്കോ സെൻസിറ്റീവ് സോണിൽ കരുവാരകുണ്ട്, കേരള എസ്റ്റേറ്റ്, ചോക്കാട്, കാളികാവ് എന്നീ വില്ലേജുകളിൽപ്പെട്ടതും, ചോക്കാട്, കാളികാവ്, കരുവാരക്കുണ്ട് എന്നീ പഞ്ചായത്തുകളിൽ ഉൾപ്പെടുന്നതുമായ വനഭൂമിയാണ് ഉള്ളത്.<br><br>മലപ്പുറം ജില്ലയിലെ കരിമ്പുഴ വന്യജീവി സങ്കേതത്തിന്റെ ഇക്കോ സെൻസിറ്റീവ് സോൺ നിർണ്ണയിക്കുന്നതിനുള്ള പ്രൊപ്പോസലിൽ വഴിക്കടവ്, ചോക്കാട്, കരുളായി, അമരമ്പലം എന്നീ പഞ്ചായത്തുകളിലെ വനഭാഗങ്ങൾ ഉൾപ്പെടുന്നു. |
| (ബി) | ബഫർ സോൺ മേഖലയിൽ നിന്ന് ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | സൈലന്റ് വാലി ദേശീയോദ്യാനത്തിന്റെയും കരിമ്പുഴ വന്യജീവി സങ്കേതത്തിന്റെയും ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ ജനവാസകേന്ദ്രങ്ങളും കൃഷിയിടങ്ങളും ഒഴിവാക്കിയാണ് സമർപ്പിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ